**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3379** | **22.08.2017-ൽ മറുപടിക്ക്**

**മൊഴിമാറ്റവും കൂറുമാറ്റവും തടയുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ശശി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് പോലീസ് രജിസ്റ്റർ ചെയ്ത് കോടതികൾ മുമ്പാകെ വരുന്ന കേസ്സുകളിൽ കൂറുമാറുന്ന സാക്ഷികളുടേയും, മൊഴിമാറ്റുന്ന അഭിഭാഷകരുടെയും എണ്ണം നാൾക്കുനാൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ, എങ്കിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ ഉണ്ടായ ഇത്തരം സംഭവങ്ങളുടെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങളുടെ വിവരങ്ങൾ കോടതി രേഖകളുടെ ഭാഗമായതിനാൽ സർക്കാരിൽ ലഭ്യമല്ല. |
| (ബി) | പൊതുജനങ്ങൾക്ക് നിയമോപദേശം നല്കേണ്ടവരും നിയമസംരക്ഷണം ഉറപ്പുവരുത്തേണ്ടതുമായ അഭിഭാഷകർ ഇത്തരത്തിൽ മൊഴിമാറ്റി പോലീസിനേയും കോടതികളേയും കുഴക്കുന്നതും അതുപോലെ സാക്ഷികൾ കൂറുമാറുന്നതും തടയുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബഹു. കോടതികളുടെ നിർദ്ദേശപ്രകാരവും നിയമപരമായി തടയാൻ കഴിയുന്നതുമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിനായി സർക്കാർ ഒരു പെരുമാറ്റച്ചട്ടമോ നിയമനിർമ്മാണമോ നടത്തുന്നത് പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ